## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1680** **04.10.2016-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി. യുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യെ നവീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ കീഴിലുള്ള 12 ജലവൈദ്യുത പദ്ധതികളിലെ 37 ഡാമുകളുടെ നവീകരണം പുനരുദ്ധാരണ ജോലികൾ നടപ്പിലാക്കി വരികയാണ്. ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) – ൽ ഉൾപ്പെടുത്തി വേൾഡ് ബാങ്ക് സഹായത്തോടു കൂടി നടപ്പിലാക്കി വരുന്നു.<br>കെ. എസ്. ഇ. ബി. ലിമിറ്റഡിനെ നവീകരിക്കുന്നതിനായി പുതിയതായി താഴെപ്പറയുന്ന വിവര സാങ്കേതിക വിദ്യ പദ്ധതികൾ ആവിഷ്കരിക്കുന്നു:<br>1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.<br>2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന ഊർജ്ജ-ദൂത് പദ്ധതി.<br>3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.<br>4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ |

(സി.ഡി.എം) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്ന പദ്ധതി.

5. കെ. എസ്. ഇ. ബി. ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലം മാറ്റം ഓൺലൈനായി നടപ്പിൽ വരുത്താനുള്ള സംവിധാനം.
6. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെൻറർ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാനുള്ള പദ്ധതി.
7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.
8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.
9. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനു വേണ്ടി ഇ-ഓഫീസ് സംവിധാനം,
10. കെ. എസ്. ഇ. ബി. ലിമിറ്റഡിൽ എൻറർ പ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പിൽ വരുത്തുന്ന പദ്ധതി.
11. 23 ടൗണുകളിൽ ഫേസ് II ഐ.ടി പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.
12. എച്ച്.ടി./ ഇ.എച്ച്.ടി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.
13. തെരഞ്ഞടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.
14. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.
15. എനർജി ഓഡിറ്റിംഗ് ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.ടി ഫീഡറുകളിലും

ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

16. സ്കാഡ സംവിധാനം കൂടുതൽ പട്ടണങ്ങളിൽ വ്യാപകമാക്കാനുള്ള പദ്ധതി.

17. ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) സംവിധാനം എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും വ്യാപകമാക്കാനുള്ള പദ്ധതി.

18. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കിന്റെ (NOFN) ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

(ബി) വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിച്ച് സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) സ്വീകരിക്കും. വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് തീർപ്പാക്കുന്നതിനു വേണ്ടി കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ ആപ്ലിക്കേഷനുകളിലെ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**